പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 666

30-06-2015 ~~07.07.2015~~ ൽ മറുപടിക്ക്

## കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽ (കെ.എസ്.ഡി.പി) ന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എം. ആരിഫ് ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(ബഹു. വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) സർക്കാർ മേഖലയിലെ ഏക ഔഷധ നിർമ്മാണ കമ്പനിയായ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽ (കെ.എസ്.ഡി.പി) ന്റെ പ്രവർത്തനങ്ങൾ സർക്കാർ പരിശോധിക്കാറുണ്ടോ; എങ്കിൽ വിശദീകരിക്കുമോ; | എ) ഉണ്ട്. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസംതോറും റിയാബ് നേരിട്ടും, വ്യവസായ വകുപ്പ് മന്ത്രിയുടേയും വകുപ്പ് സെക്രട്ടറിയുടെയും നേതൃത്വത്തിൽ പ്രത്യേക അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. |
| ബി) കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് കെ.എസ്.ഡി.പി നടത്തിയ പ്രവർത്തന പുരോഗതി തകിടംമറിയുന്നതിനിടയാക്കിയത് എന്താണ്;<br><br>സി) സ്വകാര്യ ഔഷധ കമ്പനികളുടെയും വിതരണക്കാരുടെയും സമ്മർദ്ദങ്ങൾക്ക് സർക്കാർ വഴങ്ങുന്നതുകൊണ്ടാണ് സർക്കാർ സ്ഥാപനങ്ങൾ തകരുന്നതെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) കമ്പനിയിൽ ഉൽപ്പാദിപ്പിക്കാവുന്ന മരുന്നുകൾക്ക് ആവശ്യമായ ഓർഡറുകൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് ലഭ്യമാക്കാത്തതും വിപണനം നടത്തിയ മരുന്നുകളുടെ വില യഥാസമയം ലഭിക്കാത്തതുമാണ് കമ്പനി നേരിടുന്ന പ്രധാന പ്രതിസന്ധി. എന്നാൽ സർക്കാരിന്റെ ഇടപെടൽ മൂലം പ്രതിസന്ധി ഏറെക്കുറെ പരിഹരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ കമ്പനിക്ക് അയൽ സംസ്ഥാന സർക്കാരുകളിൽ നിന്ന് ഓർഡറുകൾ ലഭ്യമാകുന്നതുകൊണ്ടും പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. |

| | |
|---|---|
| ഡി) കെ.എസ്.ഡി.പി യെ കാലാനുസൃതമായി നവീകരിക്കുന്നതിനും ആധുനികവത്ക്കരിക്കുന്നതിനും ഉത്പാദന വിപണന മേഖല വിപുലപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ? | ഡി) വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന ഏക ഔഷധ നിർമ്മാണ കമ്പനിയായ ആലപ്പുഴ ജില്ലയിലെ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തി ഉൽപ്പാദനം വർദ്ധിപ്പിച്ച് സംസ്ഥാന ആരോഗ്യ വകുപ്പിന് ആവശ്യമുള്ള മരുന്നുകൾ വിതരണം ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സർക്കാർ ഇതിനകം തന്നെ സ്വീകരിച്ചിട്ടുണ്ട്. 28.10.2014 ൽ ബഹു. മുഖ്യമന്ത്രിയുടെയും വ്യവസായ, ആരോഗ്യ വകുപ്പ് മന്ത്രിമാരുടേയും സാന്നിദ്ധ്യത്തിൽ കൂടിയ ഉന്നതതലയോഗം അലോപ്പതി മരുന്നുകളുടെ വിലവർദ്ധനവ് നേരിടുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിലെ ഉൽപ്പാദനം വർദ്ധിപ്പിച്ച് സംസ്ഥാന ആരോഗ്യ വകുപ്പിനാവശ്യമായ മരുന്നുകൾ ന്യായവിലയ്ക്ക് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖാന്തിരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി കമ്പനിക്ക് 5 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കമ്പനിയുടെ ആധുനികവത്കരണത്തിന്റെ ഭാഗമായുള്ള എൻ.എ.ബി.എൽ. അക്രഡിറ്റ് ലബോറട്ടറി പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ഇതോടൊപ്പം തന്നെ ബീറ്റാലാക്ടം കുത്തിവെയ്പ്പ് മരുന്നുകളുടെ ഉത്പാദനം ആരംഭിക്കുന്നതിനുമുള്ള നടപടികളും പുരോഗമിക്കുകയാണ്. |

സെക്ഷൻ ഓഫീസർ